പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തുവരുന്നു. ഏറ്റവും കുറഞ്ഞത് രണ്ട് കറവമാടുകളെ പരിപാലിക്കുന്നവരും ഒരു വർഷം 150 ദിവസമെങ്കിലും ക്ഷീരസംഘത്തിൽ 10 ലിറ്റർ പാൽ നൽകുന്നവരുമായ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

ക്ഷീരകർഷകർക്കുള്ള പെൻഷൻ

65 (1433) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് എന്നുമുതലാണ് പെൻഷൻ അനുവദിച്ചത് ;

(ബി) എത്ര രൂപയായിരുന്നു പെൻഷൻ ; ഇപ്പോൾ എത്ര രൂപയാണ് ;

(സി) എത്ര പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട് ; ഏത് മാസംവരെയുള്ള പെൻഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ജനുവരി 2006 മുതലാണ് ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിച്ചത്.

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും ക്ഷീരകർഷകർക്ക് 2006-ൽ 250 രൂപ പെൻഷൻ നൽകിവരികയും തുടർന്ന് 2009 ആഗസ്റ്റ് മുതൽ 300 രൂപയാക്കി വർദ്ധിപ്പിക്കുകയും വീണ്ടും ഏപ്രിൽ 2013 മുതൽ 500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 54,294 പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട്. മേയ് 2015 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

കെ. രാഘവൻ മാസ്റ്റർക്ക് സ്മാരകം

66 (1434) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ചലച്ചിത്ര സംഗീത ശാഖയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly